<u>പത്രക്കുറിപ്പ്</u>

പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ (ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ - കമാൻഡോ വിംഗ്) തസ്തികയിലേക്ക് നടത്തിയ എൻഡ്യൂറൻസ് ടെസ്റ്റിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പി.എസ്.സി.യുടെ വെബ്സൈറ്റായ www.keralapsc.org-ലും കേരള പോലീസ് വകുപ്പിലെ website ആയ www.keralapolice.org-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എൻഡ്യൂറൻസ് ടെസ്റ്റിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്കായി മേയ് 5-ാം തീയതി ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 3.15 മണി വരെ ഒരു ഒ.എം.ആർ. മാതൃകയിലുള്ള പരീക്ഷയും മേയ് 12-ാം തീയതി മുതൽ കായികക്ഷമതാ പരീക്ഷയും നടത്തുന്നതാണ്. ഒ.എം.ആർ. പരീക്ഷയിൽ പങ്കെടുക്കാത്ത ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ടി പരീക്ഷയുടെ സിലബസ് താഴെ പറയുംപ്രകാരമാണ്.

| | | |
|---|---|---|
| പാർട്ട് I | – | പൊതുവിജ്ഞാനവും സമകാലിക സംഭവങ്ങളും |
| പാർട്ട് II | – | ജനറൽ ഇംഗ്ലീഷ് |
| പാർട്ട് III | – | സിംപിൾ അരിത് മെറ്റിക് ആന്റ് മെന്റൽ എബിലിറ്റി |

ടി പരീക്ഷയ്ക്ക് 100 മാർക്കിന് ചോദ്യങ്ങളുണ്ടാകും. ചോദ്യങ്ങൾ ഇംഗ്ലീഷിലായിരിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായിട്ടായിരിക്കും പരീക്ഷ നടത്തുന്നത്. പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഏപ്രിൽ 13 മുതൽ പി.എസ്.സി.യുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

കായിക ക്ഷമതാ പരീക്ഷ തിരുവനന്തപുരം, കോഴിക്കോട് എന്നീ രണ്ട് മേഖലകളിലായിട്ടാണ് നടത്തുന്നത്. കായിക ക്ഷമതാ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഒ.എം.ആർ. പരീക്ഷയുടെ അന്ന് (മെയ് 5 ന്) അതത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതാണ്. കൂടാതെ കായികക്ഷമതാ പരീക്ഷ നടക്കുന്ന ദിവസം തന്നെ ഉദ്യോഗാർത്ഥികൾ അവരുടെ യോഗ്യത തെളിയിക്കുന്ന പ്രമാണങ്ങളുടെ അസ്സലും പകർപ്പുകളും നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രമാണങ്ങൾ ഹാജരാക്കുന്നതിന് യാതൊരു കാരണവശാലും മറ്റൊരു അവസരം നൽകുന്നതല്ല.

*L/06.04.10*